"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - മലയാളം മിഷൻ - **2025-26** സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ നാലാം ഗഡു അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.**116/2026/CLAD** തീയതി,തിരുവനന്തപുരം, **10-02-2026**

---

പരാമർശം:- 1. **04.01.2021** -ലെ **1/2021**/ധന നമ്പർ സർക്കുലർ

2. സ.ഉ (സാധാ) നം..**260/2025**/സാംകാവ തീയതി **12.05.2025**

3. സ.ഉ.(സാധാ) നം.**311/2025**/സാംകാവ തീയതി **01.06.2025**

4. സ.ഉ.(സാധാ) നം.**469/2025**/സാംകാവ തീയതി **18.08.2025**

5. സ.ഉ.(സാധാ) നം.**668/2025**/സാംകാവ തീയതി **07.11.2025**

6. മലയാളം മിഷൻ ഡയറക്ടറുടെ **01.12.2025, 19.01.2026** എന്നീ തീയതികളിലെ **2115/2022**/മ. മി നമ്പർ കത്ത്

**ഉത്തരവ്**

മലയാളം മിഷന് **2025-26** സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി **2202-05-102-86**(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള **200** ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം **(2)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി തുകയുടെ ആദ്യ ഗഡുവായി **40** ലക്ഷം രൂപ പരാമർശം **(3)** പ്രകാരവും രണ്ടാം ഗഡുവായി **10** ലക്ഷം രൂപ പരാമർശം **(4)** പ്രകാരവും മൂന്നാം ഗഡുവായി **10** ലക്ഷം രൂപ പരാമർശം **(5)** പ്രകാരവും അനുവദിച്ചിട്ടുണ്ട്. പദ്ധതിയിനത്തിൽ നാലാം ഗഡുവായി **₹50,00,000** അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഡയറക്ടർ പരാമർശം **(6)** പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലയാളം മിഷന് **2025-26** സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ **"2202-05-102-86(പ്ലാൻ)"** എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും നാലാം ഗഡുവായി **₹10,00,000 (പത്ത് ലക്ഷം രൂപ മാത്രം)** ഭരണാനുമതി പ്രകാരമുള്ള പദ്ധതികൾക്കു മാത്രമേ ചെലവഴിക്കാവു എന്ന നിബന്ധനയോടെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പരാമർശം **(1)**-ലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത തുക മലയാളം മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **799012700001403** എന്ന **PSTSB** അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ മലയാളം മിഷൻ ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം മലയാളം മിഷൻ ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ ഇപ്പോൾ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, മലയാളം മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ് തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ ആന്റ് ഇ ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (**03.02.2026**-ലെ **3151354 EDN-C3/113/2025 - FIN** ) നമ്പർ കുറിപ്പ് പ്രകാരം)
ഐ&പി.ആർ.ഡി (വെബ് & ന്യൂ മീഡിയ വിഭാഗം)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (**C1/70/2025-CLAD**)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sunitha Sadasivan
Date: 11-02-2026 11:51:15

പകർപ്പ് : - സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ് ന്